"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ്-കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്-ജീവനക്കാര്യം-കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ ക്ലർക്ക്, ശ്രീമതി ജിഷ എം.പി.-യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് -ഉത്തരവാകുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.743/2025/LBR തീയതി,തിരുവനന്തപുരം, 20-06-2025

---

പരാമർശം:-
1. 24/01/2020-ലെ സ.ഉ.(കൈ) നമ്പർ 5/2020/തൊഴിൽ.
2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 17/02/2025-ലെ 230/എ1/20 നമ്പർ നടപടിക്രമം.
3. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 01/03/2025-ലെ 230/എ1/20 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ എൽ.ഡി.ക്ലർക്ക് തസ്തികയിൽ 13/02/2020 പൂർവ്വാഹ്നം ജോലിയിൽ പ്രവേശിച്ച ശ്രീമതി ജിഷ എം.പി., 12/02/2022 അപരാഹ്നം പ്രസ്തുത തസ്തികയിലെ 2 വർഷത്തെ സേവനം പൂർത്തീകരിച്ചെങ്കിലും, പ്രോബേഷൻ തൃപ്തികരമായി പൂർത്തീകരിക്കുന്നതിന് അനിവാര്യമായ വകുപ്പുതല എം.ഒ.പി. പരീക്ഷ പാസ്സാകാത്തതിനാൽ, ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം ടിയാളുടെ പ്രൊബേഷൻ കാലയളവ് 13/02/2022 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകിയിരുന്നു. 03/05/2024 തീയതിയിൽ നടന്ന പരീക്ഷയിൽ ശ്രീമതി ജിഷ എം.പി. വകുപ്പുതല പരീക്ഷാ യോഗ്യത ആർജ്ജിച്ചതിനാൽ, 13/02/2023 മുതലുള്ള ടിയാളുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (3) പ്രകാരം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. KS&SSR, ഭാഗം II, ചട്ടം 20(b)-യ്ക്കു കീഴിലെ ക്ലിപ്ത നിബന്ധന അനുസരിച്ച്, കേരള കർഷക തൊഴിലാളി ക്ഷേമനിധി

ബോർഡ് കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ എൽ.ഡി. ക്ലർക്ക് ശ്രീമതി ജിഷ എം.പി.-യുടെ പ്രൊബേഷൻ **04/05/2024** പൂർവ്വാഹനം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിക്കുന്നതിലേയ്ക്കായി, ടിയാളുടെ പ്രൊബേഷൻ കാലയളവ് **13/02/2023** മുതൽ **05/05/2024** വരെ ദീർഘിപ്പിച്ച് നൽകി **KS&SSR**, ഭാഗം **II**, ചട്ടം **21** പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** ശ്രീമതി ജിഷ എം.പി.-യുടെ പ്രോബേഷൻ തൃപ്തികരമായി പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിനുള്ള തുടർനടപടികൾ നിയമനാധികാരിയായ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീജ ആർ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശ്ശൂർ - **680 004.**
ശ്രീമതി ജിഷ എം.പി., ക്ലർക്ക് (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖേന).
ഡയറക്ടർ, ഐ. & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ).
സംഭരണ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. **LBRD-H1/6/2025-LBRD**).

ഉത്തരവിൻ പ്രകാരം

Signed by
Arun S R
Date: 20-06-2025 13:46:29
സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്.
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്.